TUESDAY 14/10/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/10/2025

1. സംസ്ഥാനങ്ങളിലെ കാർഷികോത്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ പ്രധാനമന്ത്രി ധൻ-ധാന്യ കൃഷി യോജന (PM-DDKY) എന്ന പദ്ധതിയിലൂടെ തുടക്കം കുറിച്ചു. രാജ്യത്തെ തിരഞ്ഞെടുത്ത 100 ജില്ലകളിൽ പ്രാരംഭമായി നടപ്പിലാക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവ്വഹിച്ചു. PM-DDKY പദ്ധതിയോടൊപ്പം പയർവർഗ്ഗ സ്വാശ്രയ ദൗത്യത്തിന്റെ ഉദ്ഘാടനവും കാർഷിക അടിസ്ഥാന സൗകര്യ ഫണ്ട്, മൃഗസംരക്ഷണം, മത്സ്യബന്ധനം, ഭക്ഷ്യ സംസ്കരണ മേഖല എന്നിങ്ങനെ 1100 ലധികം പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നിർവ്വഹിക്കുക ഉണ്ടായി. കേരളത്തിൽ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് പ്രാരംഭമായി പദ്ധതി നടപ്പിലാക്കുക. പ്രധാനമന്ത്രി ധൻ ധാന്യ കൃഷി യോജനയുടെ സംസ്ഥാനതല ഉദ്ഘാടനം പാലക്കാട് ആലത്തൂർ സംസ്ഥാന വിത്ത് ഉൽപാദന കേന്ദ്രത്തിൽ വച്ച് ആലത്തൂർ എംഎൽഎ കെ ഡി പ്രസേനൻ അധ്യക്ഷതയിൽ **കൃഷിവകുപ്പ് മന്ത്രി പി പ്രസാദ്** നിർവഹിച്ചു.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അടുത്ത അഞ്ചു കൊല്ലമാണ് പ്രധാനമന്ത്രി ധൻ ധാന്യ കൃഷിയോജന പദ്ധതിയുടെ കാലാവധി. കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് എന്നിങ്ങനെ 11 വകുപ്പുകളെ ഒരേ കുടക്കീഴിൽ കൊണ്ടുവരുന്ന പദ്ധതിയാണിത്. 2025 നവംബർ മുതൽ ഇത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. കേന്ദ്രസർക്കാറിന്റെ 36 പദ്ധതികൾ പ്രധാനമന്ത്രി ധൻ ധാന്യ കൃഷിയോജനയിൽ ചേർക്കും. ഇതിൽ 19 എണ്ണം കൃഷിവകുപ്പിന്റേതാണ്.

2. പാലക്കാട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ അഗ്രി ടെക് സ്റ്റാർട്ടപ്പായ **"റവിൻ കൃഷി"** വികസിപ്പിച്ച നൂതന സാങ്കേതിക വിദ്യയായ ഇന്റലിജന്റ് ഫാം മോണിറ്ററിംഗ് കൃഷിയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കുകയാണ്. സ്വന്തം കൃഷിയിടത്തിൽ നിന്നും ലഭിക്കുന്ന കാലാവസ്ഥാ വിവരങ്ങൾ തൽസമയ ഡാറ്റാ സംവിധാനം വഴി വിശകലനം ചെയ്ത്, അതിന്റെ അടിസ്ഥാനത്തിൽ കാർഷിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുകയാണ് "റവിൻ കൃഷി" യുടെ പ്രവർത്തന രീതി. സ്വന്തം കൃഷിയിടത്തിലെ കാലാവസ്ഥാ വിവരം അഥവാ ഹൈപ്പർ ലോക്കൽ ഡാറ്റ തൽസമയം വിശകലനം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്ത് കർഷന്റെ ഫോണിലേക്ക് പത്തു മിനിറ്റ് ഇടവിട്ട് സന്ദേശം അയക്കുന്ന സംവിധാനമാണ് റവിൻ സൈറ്റിലൂടെ ലഭ്യമാകുന്നത്. ചുരുക്കത്തിൽ "റവിൻ കൃഷി" ആപ്പിലൂടെ നിലമൊരുക്കുന്നത് മുതൽ വിളവെടുക്കുന്നത് വരെയുള്ള വിവരങ്ങൾ കൃത്യമായി ഫോണിലൂടെ ആസൂത്രണം ചെയ്യാൻ സാധിക്കുന്നു.

## പരിശീലന പരിപാടി

3. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ **ഒക്ടോബർ 14, 15** തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുകയോ വാട്സ് അപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.

4. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ **"ഇറച്ചിക്കോഴി വളർത്തൽ"** എന്ന വിഷയത്തിൽ 15/10/2025 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൗജന്യ പരിശീലനം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491-2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ കൊണ്ടുവരേണ്ടതുമാണ്.

5. ക്ഷീര വികസന വകുപ്പിൻറെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഒക്ടോബർ 16, 17 തീയതികളിൽ ക്ഷീര സഹകരണ സംഘം ഭരണ സമിതി അംഗങ്ങൾക്കുള്ള പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 ഒക്ടോബർ 15-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911. മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ, തിരുവനന്തപുരം -695004. Email ID:principaldtctvm@gmail.com.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. വെള്ളായണി കാർഷിക കോളേജിലെ കൈറ്റിന്റെ ആഭിമുഖ്യത്തിൽ **ഒക്ടോബർ 15 ബുധനാഴ്ച ശാസ്ത്രീയ വാഴ കൃഷി** എന്ന വിഷയത്തിൽ നടത്തുന്ന ഏകദിന പരിശീലന പരിപാടിയിലേക്ക് അപേക്ഷകരെ ക്ഷണിക്കുന്നു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ₹500/- രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

7. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ **ഒക്ടോബർ 15** ന് എരുമ വളർത്തൽ എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺനമ്പർ 04972-763473.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം